# പൌലോ ഫ്രയറും വിമർശനാത്മക ബോധനശാസ്ത്രവും പ്രശ്നാധിഷ്ടിത പഠനവും മാതൃഭൂമിലേഖകനും.

അക്കാദമിക സത്യസന്ധത പുലർത്താത്ത പരമ്പര മാതൃഭൂമിക്കു കളങ്കം എന്ന ലേഖന പരമ്പരയുടെ തുടർച്ച

**ആമുഖം**

അക്കാദമികമായ ചർച്ചകളില് ഏർപ്പെടുന്നത് എപ്പോഴും നല്ലതാണ്. ചിന്തിക്കാനും വളരാനും അവസരം നൽകും. ഞാന് പറയുന്നതു മാത്രമാണ് ശരി എന്നു കരുതിയാല് തെറ്റി. ശരികള് പലരിലുമുണ്ട്. അതിനെ മാനിക്കണം. ഇവിടെ എഴുതുന്നത് തിരുത്താനുള്ള ആർജവം
വായനക്കാർക്കുണ്ടാകണം. വിമർശനാത്മകമായി വായിക്കുക എന്ന ശീലം പഠിക്കുന്നതിന് എന്നെ ഏറെ സ്വാധീനിച്ച പ്രതിഭയാണ് പൌലോ ഫ്രയർ. ഒരു പക്ഷേ മർദ്ദിതരുടെ ബോധനശാസ്ത്രം വായിക്കാനിട വന്നില്ലായിരുന്നെങ്കില്, സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനം വായിക്കാനവസരം ലഭിച്ചില്ലായിരുന്നെങ്കില് ഞാനെന്ന അധ്യാപകന് വാർപ്പുമതൃകകളുടെ അടിമയാകുമായിരുന്നു. വിമർശനാവബോധത്തിനായുള്ള വിദ്യാഭ്യാസം എന്ന കൃതിയും വെളിച്ചം നൽകി. ഇതെന്റെ വ്യക്തിപരമായ കാര്യം. ഞാന് വായിച്ചതു പോലെ എല്ലാവരും വായിക്കണമെന്നു ശാഠ്യം പാടില്ലല്ലോ.
ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് വിമർശനാത്മകബോധനം അവതരിപ്പിച്ചപ്പോള് എനിക്ക് ഓണാനുഭവം. കേരളവും അതു പിന്തുടരാന് തീരുമാനിച്ചു. കേരളത്തിലെ വിമർശകര് വിമർശനാവബോധമുള്ളവരായിരുന്നില്ല. ഇടതുപക്ഷത്തിന്റെ ഭരണം എന്ന ഒറ്റക്കാരണം നിമിത്തം ദേശീയതലത്തിലെ നിർദ്ദേശത്തെ കേരളത്തില് പ്രാവർത്തികമാക്കിയാല് എതിർക്കപ്പെടണം എന്ന നയം സ്വീകരിക്കപ്പെട്ടു. ദീപിക ലേഖനങ്ങള് എഴുതി. പൌലോഫ്രയര് കൂടുതല് ചർച്ച ചെയ്യപ്പെട്ടു.ഇപ്പോള് വീണ്ടും മാതൃഭൂമി ഫ്രയറെ ചർച്ചയ്ക്കായി കൊണ്ടുവരുന്നു.

*2007-ലെ കരിക്കുലത്തില് അടിസ്ഥാനമാക്കിയത് വിമർശനാത്മക ബോധനശാസ്ത്രമാണ് (ക്രിട്ടിക്കല് പെഡഗോഗി). കുട്ടികള് ചോദ്യം ചെയ്തുകൊണ്ട് പഠിക്കലാണത്. കേട്ടാല് എന്തോ ഗംഭീരസാധനമാണെന്ന് തോന്നുമെങ്കിലും ഇതിന്റെ പൊരുളറിയുമ്പോള് ജനം മൂക്കത്ത് വിരൽവച്ചുപോകും. ബ്രസീലിയന് വിദ്യാഭ്യാസ ചിന്തകനായ പൌലോ ഫ്രെയറാണ് അതിന്റെ ആചാര്യന്. 'മർദിതരുടെ ബോധനശാസ്ത്രം' എന്ന ഗ്രന്ഥത്തിലൂടെയാണ് ഫ്രെയര് തന്റെ സിദ്ധാന്തം അവതരിപ്പിക്കുന്നത്. പട്ടാളഭരണത്താല് അടിച്ചമർത്തപ്പെട്ട ബ്രസീലിലെ സാധാരണ ജനങ്ങൾക്കിടയിലാണ് ഫ്രെയര് തന്റെ വിദ്യാഭ്യാസ സങ്കല്പങ്ങള് പരീക്ഷിച്ചത്. ചുറ്റുമുള്ളതിനെ ചോദ്യം ചെയ്തുകൊണ്ട് പഠിക്കുക എന്ന രീതി വയോജനവിദ്യാഭ്യാസത്തിനാണ് അദ്ദേഹം ഉപയോഗിച്ചത്. 300 കരിമ്പുതൊഴിലാളികൾക്കിടയിലാണ് അതാദ്യം പരീക്ഷിച്ചത്.* ***അദ്ദേഹം പിന്നീട് സാവോപോളോയില് വിദ്യാഭ്യാസത്തിന്റെ ചുമതലക്കാരനായപ്പോള് പോലും ക്ലാസ്റൂമുകളില് വിമർശനാത്മക ബോധനശാസ്ത്രം പരീക്ഷിച്ചില്ല.*** *മാത്രമല്ല ഒരു* ***ജനാധിപത്യരാജ്യത്ത് വിമർശനാത്മക ബോധനത്തിന് പ്രസക്തിയില്ലെന്ന്*** *ഇന്നും ആദരവോടെ ലോകം വീക്ഷിക്കുന്ന ഹിൽഡ ടാബയെപ്പോലുള്ള കരിക്കുലം വിദഗ്ധര് പറഞ്ഞുവെച്ചിട്ടുണ്ട്.*

മാതൃഭൂമി ലേഖനം മൂന്നു കാര്യങ്ങളാണ് അവതരിപ്പിക്കുന്നത്.

1. വിമർശനാത്മക ബോധനം അനൌപചാരികവിദ്യാഭ്യാസത്തിനു മാത്രമേ ഇണങ്ങൂ
2. ഫ്രയര് പോലും അവസരം കിട്ടിയപ്പോള് അതു വിദ്യാഭ്യാസ മേഖലയില് ഉപയോഗിച്ചില്ല
3. വിമർശനാത്മക ബോധനം ജനാധിപത്യരാജ്യത്ത് പ്രസക്തിയില്ലാത്തതാണ്.അഥവാ ജനാധിപത്യവിരുദ്ധമാണ്.

സാവോ പോളോയില് വിദ്യാഭ്യാസസെക്രട്ടറിയായിരുന്നകാലയളവിലെ ഫ്രയറുടെ അനുഭവങ്ങളാണിതിനുള്ള മറുപടി.അതു ചുവടേ കൊടുക്കുന്നു. പുതിയതായി

തെരഞ്ഞെടുക്കപ്പെട്ട മോയര് Luisa Erundina പൌലോഫ്രയറെ സാവോപോളോ നഗരത്തിന്റെ വിദ്യാഭ്യാസസെക്രട്ടറിയാകുന്നതിനു ക്ഷണിച്ചു. 1989 ലായിരുന്നു ഇത്. വിദ്യാഭ്യാസത്തെക്കുറിച്ച് ധാരാളം പുരോഗമനാശയങ്ങള് എഴുതിയ ഫ്രയർക്ക് വാക്കുകളെ പ്രായോഗികമാക്കുക എന്ന വെല്ലുവിളിയാണ് ഈ ക്ഷണമെന്നു പറയാതെ അറിയാമല്ലോ. അദ്ദേഹം ആ വെല്ലുവിളി ഏറ്റെടുത്തു.സ്വപനങ്ങള് സാക്ഷാതികരിക്കാന് നടത്തിയ ഇടപെടലുകളാണ് നഗരത്തിന്റെ ബോധനശാസ്ത്രം ( pedagogy of the city ) എന്ന പേരിലുള്ള അദ്ദേഹത്തിന്റെ പുസ്തകത്തില് പ്രതിപാദിക്കുന്നത്. 1993ലാണ് പുസ്തകം പ്രസിദ്ധീകരിച്ചത്.

സ്വകാര്യവത്കരണത്തിന് പ്രാധാന്യം നൽകിയ മുന്ഭരണകൂടത്തിന്റെ തെറ്റായ നടപടികളുടെ അവശിഷ്ടങ്ങളിലാണ് ഫ്രയറിനു പ്രവർത്തിക്കേണ്ടി വന്നത്. അവിടെ പൊതു വിദ്യാഭ്യാസരംഗം പ്രതിസന്ധിയിലായിരുന്നു. വിദ്യാഭ്യസബജറ്റ് തുലോം പരിമിതവും. ധാരാളം വിദ്യാലയങ്ങള് വലിയ അറ്റകുറ്റപ്പണിവേണ്ട അവസ്ഥയിലാണുതാനും. കൊഴിഞ്ഞുപോക്കിന്റെ അളവ് ഭീമവും. ആയിരക്കണക്കിനു കുട്ടികള് വിദ്യാലയത്തിലെത്തപ്പെടാതെയും. മുങ്ങിത്താഴുന്ന കപ്പലിനെപ്പോലെ. ഇത്തരമൊരു സാഹചര്യത്തിലെ മുൻഗണന നിശ്ചയിക്കല് പരമപ്രധാനമാണ്.പുതിയ വിദ്യാലയങ്ങള്, ഉള്ളവയുടെ ഭൌതികസൌകര്യമുയർത്തല്, കുട്ടികളെ വിദ്യാലയത്തിലേക്കാകർഷിക്കല്. പാഠ്യപദ്ധതി നവീകരണം,അധ്യാപകരുടെ തൊഴിൽമികവുയർത്തല്,ജനാധിപത്യവത്കരണം എന്നിവയ്ക്ക് ഊന്നല് നൽകി വിദ്യാലയങ്ങളെ സർഗാത്മകകേന്ദ്രങ്ങളാക്കി( creativity centers) മാറ്റുകയായിരുന്നു പ്രധാനപ്പെട്ട ഒരു സംഗതി.

ഒരു ഭരണാധികാരി ആദ്യ മുൻഗണന ഭൌതികസൌകര്യമൊരുക്കുന്നതിനു നൽകണമെന്നു ഫ്രയര് വിശ്വസിച്ചു.പൊട്ടിപ്പൊളിഞ്ഞ, മോൽക്കൂര തകർന്ന, തറയിളകിയ, മാലിന്യങ്ങള് കുമിഞ്ഞുകൂടിയ, വൈദ്യുതിയില്ലാത്ത അമ്പത്തഞ്ചോളം വിദ്യാലയങ്ങളെ പുനരുദ്ധരിക്കാനാണ് ശ്രമിച്ചത്.ആകെയുള്ള 657 വിദ്യാലയങ്ങലില് അറുപത് ശതമാനത്തിനും അറ്റകുറ്റപ്പണി ആവശ്യമായിരുന്നു. പതിനഞ്ചായിരം ഡസ്കുകള് തകർന്നവയായിരുന്നു. ധാരളം വിദ്യാലയങ്ങൾക്ക് ഡസ്ഖ് സങ്കല്പം മാത്രമായിരുന്നു.ഏഴിനും പതിനാലിനും ഇടയിലുള്ള 400,000 കുട്ടികള് സ്കൂളില് പോകാത്തവരായിരുന്നു. 600,000 പ്രീസ്കൂള് കുട്ടികള് സ്ഥലപരിമിതി കാരണവും പുറത്തായിരുന്നു.ഇത്തരമൊരു സാഹചര്യത്തില് കുട്ടികളോട് അവരുടെ പ്രശ്നങ്ങള് പരിഹരിക്കാതെ സൌന്ദര്യത്തെക്കുറിച്ച് ,ബഹുമാനത്തെക്കുറിച്ച് സന്തോഷത്തെക്കുറിച്ച് സംസാരിക്കുന്നത് നിരർഥകമാണെന്നു ഫ്രയര് കരുതി. "വിദ്യാലയത്തിന്റെ മുഖം മാറ്റുക "എന്നൊരു മുദ്രാവാക്യം ഉയർത്തപ്പെട്ടു. ( ഭൌതികവും പഠനാനുഭവപരവും ആയ തലങ്ങളില്)

1988 മുതല് 1992 വരെയായിരുന്നു ഫ്രയറുടെ ഭരണകാലം. ഇക്കാലയളവില് പ്രവേശനനിരക്കില്15.59% വർധനവുണ്ടായി, 77 പുതിയ വിദ്യാലയങ്ങള്. 60,000 പുതിയ ഡസ്കുകള്.കംപ്യൂട്ടറടക്കമുള്ള നിരവധി ദൃശ്യശ്രാവ്യോപകരണങ്ങളും ബാലസാഹിത്യവും വിദ്യാലയങ്ങളിലെത്തി.പഠനം ആസ്വാദ്യകരമാക്കുന്നതിനുള്ള ഇടപെടലായിരുന്നു ഫ്രയറുടെ മാനസപദ്ധതി.വിദ്യാലയങ്ങളെ creativity centers ആക്കി മാറ്റുക. വിദ്യാലയം ആഹ്ലാദത്തിന്റെ ആലയമാകണമെന്ന് അദ്ദേഹം അഭിലഷിച്ചു. വിദ്യാലയം ജനാധിപത്യശാലകളാവണം. അവിടെ കുട്ടികള് വിമർശനാത്മകമായി ചിന്തിക്കാനും ചോദ്യം ചെയ്യാനും പഠിക്കണം. എല്ലാ വിഭാഗം വിദ്യാർത്ഥികളുടേയും അറിവിലേയും അനുഭവത്തേയും ബഹുമാനിക്കണം വിദ്യാലയങ്ങള്. ബാങ്കിംഗ് വിദ്യാഭ്യാസത്തെ, മധ്യവർഗ ചായ്വുള്ള പാഠ്യക്രമത്തെ നിരാകരിക്കുന്നതും കുട്ടിയുടെ ജീവിതാനുഭവങ്ങളുടെ അടിത്തറയില് പടുത്തുയർത്തുന്നതുമായ വിദ്യാഭ്യാസം അദ്ദേഹം വിഭാവനം ചെയ്തു.സാമൂഹികമാറ്റത്തിനുള്ള വിദ്യാഭ്യാസം സാധ്യമാകണമെങ്കില് അവബോധനവീകരണ പ്രക്രിയ അനിവാര്യമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. നിലിവലുള്ള പാഠ്യപദ്ധതിയും പരീക്ഷാരീതിയും നവീകരിക്കരിക്കുന്നതിന്റെ ലക്ഷ്യം ഇതായിരിക്കണം. വിദ്യാഭ്യാസം ഒരു രാഷ്ട്രീയ പ്രക്രിയയാണെന്ന ബോധ്യത്തോടെയാണ് ഫ്രയര് പ്രവർത്തിച്ചത്.

വിദ്യാഭ്യാസസെക്രട്ടറിയായി ചുമതല ഏൽക്കുന്നതിനു മുമ്പുതന്നെ അദ്ദേഹം പാഠ്യപദ്ധതി പരിഷ്കരണത്തിനായുള്ള ശില്പശാലകള് സംഘടിപ്പിച്ചിരുന്നു. പാഠ്യപദ്ധതി നവീകരണപ്രക്രിയ ജനാധിപത്യപ്രക്രിയയിലൂടെയാകണമെന്ന് ഫ്രയര് വിശ്വസിച്ചു. സർവകലാശാലാധ്യാപകർ,വിദ്യാഭ്യാസ

പ്രവർത്തകര്,അധ്യാപകര്, വിദ്യാർഥികല്, രക്ഷിതാക്കള് എന്നിവരുടെ യോഗങ്ങള് വിളിച്ചു. അടിത്തട്ടിലുളളവരുടെ അഭിപ്രായങ്ങള് പ്രധാനമാണെന്നും വിദ്യാലയത്തില് നിന്നും അവരെന്തു പ്രതീക്ഷിക്കുന്നുവെന്നത് മാനിക്കണമെന്നും ഫ്രയര് കരുതി. വിഷയാതീതമായ പ്രമേയങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനമാണ് നവീകരണത്തിലെ ഒരു പ്രത്യേകത. പ്രാദേശിക പ്രസക്തമായ അനുഭവങ്ങളെ കണക്കിലെടുക്കുമ്പോഴാണ് പഠനം കുട്ടിക്ക് പ്രസക്തമാവുക. ഇത് ലോകത്തെ വിമർശനാത്മകമായി നോക്കിക്കാണുന്നതിന് കുട്ടികളെ സഹായിക്കും.അധ്യാപകപരിശീലനവും പാഠ്യപദ്ധതി പരിഷ്കരണവും തോളോടുതോള് ചേർന്നു പോകണമെന്ന നിലപാടാണ് ഫ്രയർക്കുളളത്. അതാകട്ടെ കുട്ടികളുടെ പരാജയവും കൊഴിഞ്ഞുപോകലും കുറയ്ക്കുന്നതുമാകണം. അവഗണിക്കപ്പെട്ട അദ്ധ്യാപകപരിശീലനത്തെ അദ്ദേഹം സജീവമാക്കി.അധ്യാപകര് സിദ്ധാതന്തവും പ്യോഗവും തമ്മില് പൊരുത്തെപ്പെടുത്തണം. സ്വയം വിലയിരുത്തലിനു വിധേയരമാകണം. നിരന്തരമായ കാര്യശേഷീവികസനം ലക്ഷ്യം വെക്കണം. വിദ്യാഭ്യാസത്തിന്റെ സഹജമായ രാഷ്ട്രീയ മാനം എല്ലാ അധ്യാപകരും സ്വാംശീകരിക്കേണ്ടതുണ്ട്. ജനാധിപത്യപരമായ ബോധനശാസ്ത്രം എന്നും അദ്ദേഹം വിശേഷിപ്പിക്കുന്നു. ആ ബോധനശാസ്ത്രം പഠിതാക്കലെ വിമോചിപ്പിക്കും. സംവാദാത്മക അധ്യയന രീതീ എല്ലാ അധ്യാപകരും പരിശീലിക്കേണ്ടതുണ്ട്.അധ്യാപകപരീശീനത്തിനുള്ള നടപടികള് അദ്ദേഹത്തിന്റെ ഭരണകാലത്ത് ആരംഭിക്കുകയുണ്ടായി.അധീശ്വത്വത്തിനും വരേണ്യസങ്കല്പങ്ങൾക്കുമെതിരായ സമരം കൂടിയായിരുന്നു അത്. ജനതയ്ക്കു തീരുമാനമെടുക്കല് പ്രക്രിയയില് പങ്കാളിത്തം അനുവദിക്കുന്ന ഫ്രയര് കാര്യങ്ങളെ ഉപരിപ്ലവമായി കണ്ടില്ല. വിദ്യാഭ്യാസസംവിധാനത്തെ ഭരണതലത്തിലും ഉള്ളടക്കത്തിലും പ്രദാനത്തിലും ജനാധിപത്യവത്കരിക്കുന്നതിന് ഫ്രയര് ശ്രമിച്ചു. രക്ഷിതാക്കള് ,അധ്യാപകര്, വിദ്യാർഥികള്,വിദ്യാഭ്യാസ വിദഗ്ധര്, സമൂഹപ്രതിനിധികള് എന്നിവരടങ്ങുന്ന വിദ്യാലയ കൌൺസില് രൂപീകരിക്കപ്പെട്ടു. ബജറ്റിംഗ് വികേന്ദ്രീകരിച്ചു. ബോധനപരമായ കാര്യങ്ങളിലും വികേന്ദ്രീകരണം കൊണ്ടുവന്നു. വിദ്യാലയ കൌൺസിലുകള് നിർണായകമായി. ( കടപ്പാട് *Kathleen Hiyake (UCLA)*ന്റെ പുസ്തകാവലോകനം *)*

***ഇനി പറയൂ പൊതുവിദ്യാഭ്യാസത്തിന് ഇണങ്ങാത്തതാണോ ഫ്രയറുടെ ചിന്തകള്? അദ്ദേഹം അതു പ്രയോഗിക്കാന് ഭയന്നോ? ജനാധിപത്യത്തിനെതിരാണോ ഫ്രയറുടെ ദർശനം? ഹിൽഡ ടാബാ ഫ്രയറെ തള്ളിപ്പറഞ്ഞതെവിടേ? (***ഹിൽഡയുടെ ജീവിതകാലം (7 December 1902 – 6 July 1967) ഫ്രയറുടെ Pedagogy of the Oppressed, ആദ്യം പ്രസിദ്ധീകരിക്കുന്നത് 1968ല്. 67 ല് മരിച്ച ഹില്ഡ 68 ലെ പുസ്തകത്തിലെ വിവരങ്ങള് തള്ളിക്കളഞ്ഞത്രേ!")

**പ്രശ്നാധിഷ്ടത പഠനം**

കേരളത്തിലെ പാഠ്യപദ്ധതി വികസിപ്പിച്ചത് മൂന്നു ആശയസ്തംഭങ്ങളിലാണ്

സാമൂഹികജ്ഞാന നിർമിതി വാദം

വിമർശനാത്മക പോധനശാസ്ത്രം

പ്രശ്നാധിഷ്ഠിത പഠനം

ഇവയില് ആദ്യത്തെ രണ്ടെണ്ണം ദേശീയതലത്തില് നിര്ദ്ദേശിക്കപ്പെട്ടതാണ്. കേരളം തനിമയോടെ ഉൾപ്പെടുത്തിയതാണ് പ്രശ്നാധിഷ്ഠിത പഠനം. ഇതും ലോകത്ത് പുതിയതല്ല. സാമൂഹിക പ്രശ്നങ്ങളുമായി ഉദ്ഗ്രഥിച്ച് വിഷയപഠനം നടത്തുക എന്നത് വിദ്യാഭ്യാസവും സാമൂഹികജീവിതവും പ്രശ്നപരിഹരണവും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നതു കൊണ്ടാണ്. സാമൂഹിക പ്രമോയങ്ങളെ ആധാരമാക്കിയുള്ള പഠനത്തെക്കുറിച്ച് ഗാന്ധിജിയും ഫ്രയറും പറയുന്നുമുണ്ട്. കേരളവികസനത്തെ മുന്നില് കാണുമ്പോള് പരിസ്ഥിതി സംരക്ഷണം പ്രധാനമാണ്. ആ അജണ്ട മാതൃഭൂമി ഇപ്പോള് വിദ്യാഭ്യാസത്തില് സന്നിവേശിപ്പിക്കുന്നു. അതേ മാതൃഭൂമി സാമൂഹിക പ്രശ്നമേഖലകളെ അപഹസിക്കുന്നു. ഇതാണ് വൈരുദ്ധ്യം. ചിലരുടെ ആക്ഷേപം പ്രശ്നമേഖലകള് എട്ടായി ചുരുങ്ങിയതാണ്. അതു പോരെങ്കില് കൂട്ടണം. അപാകമുണ്ടെങ്കില് പരിഹരിക്കണം. സമീപനം ശരിയാണോ എന്നല്ലേ പറയേണ്ടത്.? മാതൃഭൂമി ലേഖകന്റെ പരാമർശം ഇങ്ങനെ

*അദ്ഭുതകരമായ മറ്റൊരുകാര്യം കൂടിയുണ്ട്. കുട്ടികള് പഠിക്കേണ്ട എല്ലാ വിഷയങ്ങളും എട്ട് പ്രശ്നമേഖലകളില് ഒതുക്കിയിരിക്കുകയാണ്2007-ലെ കരിക്കുലം.*

1. *ശാസ്ത്രീയമായ സ്ഥലജലപരിപാലനത്തിന്റെ അഭാവം*
2. *കൃഷിയെ ഒരു ജീവിതസംസ്കാരമായി കാണാത്ത അവസ്ഥ*
3. *വിശ്വമാനവന് എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ*
4. *അധ്വാനശേഷി വികാസത്തിന്റെ അഭാവം*
5. *സാംസ്കാരികത്തനിമയെയും അതിന്റെ സ്വതന്ത്രവികാസത്തെയും കുറിച്ച് ധാരണയില്ലായ്മ*
6. *പാര്ശ്വവത്കരിക്കപ്പെടുന്നരോടുള്ള പരിഗണനയില്ലായ്മ*
7. *പരിസരസൌഹാര്ദപരമായ വ്യവസായവത്കരണം, നഗരവത്കരണം എന്നിവയെക്കുറിച്ചുള്ള ധാരണക്കുറവ്*
8. *ശാസ്ത്രീയമായ ആരോഗ്യ-പൊതുജനാരോഗ്യ കാഴ്ചപ്പാടിന്റെ അഭാവം*

*എന്നിവയാണ് പ്രശ്നമേഖലകള്.* ***എല്.പി., യു.പി. കുട്ടികളോടാണ് ഈ സിദ്ധാന്തം എന്ന് ഓര്ക്കുക. ഇതില്പ്പെടാത്ത പ്രശ്നങ്ങളൊന്നും ലോകത്തില്ലേ? അതൊന്നും കുട്ടികള് പഠിക്കണ്ടേ?***

*ശാസ്ത്രം, ഗണിതം പോലുള്ള വിഷയങ്ങളെ പ്രശ്നമേഖലകളിലേക്ക് ഒതുക്കിയതിന്റെ അപഹാസ്യത ഡോ. കെ.എന്. പണിക്കര് കമ്മിറ്റിതന്നെ എടുത്തുപറഞ്ഞിട്ടുണ്ട്. സോഷ്യല് സയന്സില് ജ്യോഗ്രഫിയിലെ പല വിഷയങ്ങളും ഈ എട്ടുപ്രശ്നങ്ങളിലും വരില്ല. അതുകൊണ്ട് ഭൂമിശാസ്ത്രത്തിന്റെ പാഠങ്ങള് പരമാവധി കുറച്ചു.ഒരു അധ്യാപിക പരിശീലനക്ലാസില്വെച്ച് ഒരു സംശയം ചോദിച്ചു, "സാര്, ഖരം, ദ്രാവകം, വാതകം തുടങ്ങിയവ ഇതില് ഏതു പ്രശ്നമേഖലയില് പെടുത്തും?" അത് വിശ്വമാനവന് എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥയില് ഉള്പ്പെടുത്താനായിരുന്നു നിര്ദേശം. ചിരിക്കണോ അതോ കരയണോ എന്ന അവസ്ഥയിലാണ് കാര്യങ്ങളുടെ പോക്ക്.*

***വിമര്ശനം ഒന്ന് -എല്.പി., യു.പി. കുട്ടികളോടാണ് ഈ സിദ്ധാന്തം എന്ന് ഓര്ക്കുക .വിമര്ശനം രണ്ട്- ഇതില്പ്പെടാത്ത പ്രശ്നങ്ങളൊന്നും ലോകത്തില്ലേ? അതൊന്നും കുട്ടികള് പഠിക്കണ്ടേ?***

കുട്ടികളെ പാഠങ്ങളാണ് പഠിപ്പിക്കുന്നത്. അതിനുള്ളിലൂടെ അവരറിയാതെ പ്രശ്നമേഖലകളുടെ വിവിധതലങ്ങള് കിടക്കുന്നുണ്ടാകും. അവരില് രൂപപ്പെടുന്ന അവബോധം ഈ പ്രശ്നമേഖലകളെ ഭാവിയില് അഭിസംബോധന ചെയ്യുന്നതിനു സഹായിക്കും എന്നാണ് എനിക്കു കിട്ടിയ ധാരണ.ചില പ്രശ്നങ്ങള് പ്രത്യക്ഷമായും ചിലത് പരോക്ഷമായും പാഠങ്ങളില് പ്രതിഫലിക്കും. മരം ഒരു വരം എന്ന ആശയം എല് പിയിലും യുപിയിലും ഹൈസ്കൂളിലും പഠിപ്പിക്കുന്നത് ഒരു പോലെയല്ലെന്നാര്ക്കാണറിഞ്ഞൂകൂടാത്തത്? വിദ്യാഭ്യാസപ്രക്രിയ ,ഉള്ളടക്കവിതരണരൂപം, പഠനസ്വരൂപം എന്നിവയെക്കുറിച്ച് സാമാന്യധാരണ ആദ്യം വേണം. രണ്ടാമത്തെ വിമര്ശനം നോക്കൂ .കൂടുതല് പ്രശ്നങ്ങള് കുട്ടികളെ പഠിപ്പിക്കുന്നില്ല എന്ന പരാതി. ഒരേ സമയം സാമൂഹിക പ്രശ്നം പഠിപ്പിക്കുന്നതിനു വേണ്ടിയും പഠിപ്പിക്കാതിരിക്കാനും നിലപാട്!!

**വിമര്ശനം മൂന്ന്**-*സാര്, ഖരം, ദ്രാവകം, വാതകം തുടങ്ങിയവ ഇതില് ഏതു പ്രശ്നമേഖലയില് പെടുത്തും?" അത് വിശ്വമാനവന് എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥയില് ഉള്പ്പെടുത്താനായിരുന്നു നിര്ദേശം.*

ചിരിക്കണോ അതോ കരയണോ എന്നു തീരുമാനിക്കുന്നതിന്റെ മുമ്പ് വിശ്വമാനവനെന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ ഒന്നു പരിശോധിക്കാം.

| വിശ്വമാനവന് എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ |
|---|
| പരിഗണിക്കപ്പെടാവുന്ന ആശയങ്ങള് |

1. പ്രപഞ്ചോത്പത്തി, പ്രപഞ്ചവസ്തുക്കള്, ചലനങ്ങള്,പ്രതിഭാസങ്ങള്,സ്ഥൂലപ്രപഞ്ചവും സൂക്ഷ്മപ്രപഞ്ചവും(പ്രപഞ്ചവും ഞാനും) ദൂരം, ചെറുത്-വലുത്
2. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പ്രതിപ്രവർത്തനം-പ്രകൃതിയിലെ ഇടപെടല്-മാറ്റങ്ങള് വരുത്തല്-ജീവന്റെ ഉല്പത്തി പരിണാമം..
3. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം, സമൂഹരൂപീകരണം,വിവിധകൂട്ടായ്മകളുടെ വികാസം,അധികാരത്തിന്റെ ഉത്ഭവം വളർച്ച, സാമൂഹിക വികാസം...തുടങ്ങിയ മാനവിക ശാസ്ത്രമേഖലകള്
4. മനുഷ്യന് നിർമിച്ചെടുക്കുന്ന പ്രപഞ്ചബോധവും അതിന്റെ വൈകാരികാവിഷ്കാരങ്ങളും

**പ്രശ്നമേഖല -ചെറുഘടകങ്ങള്**

1. വസ്തുനിഷ്ഠമായ പ്രപഞ്ചവീക്ഷണം രൂപപ്പെടാത്ത അവസ്ഥ
2. വിവധ കൂട്ടായ്മകളുടേയും ചരിത്രവളർച്ചയുടേയും ഉൽപ്പന്നമാണ് തന്റെ ജീവിമെന്ന തിരിച്ചറിവില്ലായ്മ
3. തന്നെപ്പോലെ മറ്റു മനുഷ്യർക്കും ജീവികൾക്കും ജീവിക്കാന് അവകാശമുണ്ടെന്നു തിരിച്ചറിയാത്ത സാമൂഹികാവസ്ഥ
4. അപമാനവീകരണശ്രമങ്ങളെ ഒറ്റയ്ക്കും കൂട്ടായും ചെറുക്കുന്നതിനുള്ള കഴിവ് വികസിക്കാത്ത അവസ്ഥ
5. സാമൂഹികവികാസ ചരിത്രത്തെക്കുറിച്ച് വസ്തുനിഷ്ടമായ കാഴ്ചപ്പാടില്ലായ്ക

**ധാരണകള് ,ആശയങ്ങള്,കഴിവുകള്, മനോഭാവങ്ങള്**

1.വസ്തുനിഷ്ഠമായ പ്രപഞ്ചവീക്ഷണം രൂപപ്പെടാത്ത അവസ്ഥ

- ദ്രവ്യനിർമിതമായ ഈ പ്രപഞ്ചം സദാ ചലിക്കുകയും മാറുകയും ചെയ്യുന്നു
- സ്ഥൂലപ്രപഞ്ചത്തിലും സൂക്ഷ്മപ്രപഞ്ചത്തിലും വൈവിധ്യമാർന്ന ചലനങ്ങളും മാറ്റങ്ങളും നടന്നുകൊണ്ടിരിക്കുന്നു
- ചലനത്തിനും മാറ്റത്തിനും വിധേയമാകാത്ത ഒന്നും തന്നെ ഈ പ്രപഞ്ചത്തിലില്ല.ചലനം, മാറ്റം തുടങ്ങിയ പ്രപഞ്ചനിയമങ്ങൾക്ക് വിധേയനാണ് ഞാന്.
- സ്ഥൂലപ്രപഞ്ചത്തിന്റെ വലിപ്പം ,ചലനവൈവിധ്യം, വിശാലക എന്നിവ പരിഗണിക്കുമ്പോള് അതിലൊരു നിസാര സൂക്ഷ്മഘടകം മാത്രമാണ് മനുഷ്യന്.എന്നാല് പ്രാപഞ്ചിക വസ്തുക്കളുടെ പൊരുളുകള് തേടാനും ഗോളാന്തരങ്ങളിലേക്ക് കടന്നെത്താനും കഴിയുന്ന മഹാശക്തിയുള്ളയയാളുമാണ് മനുഷ്യന്
- പ്രപഞ്ചത്തിലെ ഓരേ വസ്തുവും പ്രിതഭാസവും പരസ്പരം വേർതിരിക്കാനാകാത്തവിധം ബന്ധപ്പെട്ടതാണ്. ഒന്നും ഒറ്റയായി നിലനിൽക്കുന്നില്ല.അതേ സമയം ഓരേ വസ്തുവും പ്രിതിഭാസവും തനിമയുള്ളതുമാണ്.സ്വതന്ത്രവുമാണ്.
- 

*അവലംബം -സിലബസ് ഗ്രിഡ് പരിശേധിക്കുന്നതിനുള്ള മാർഗ രേഖ (എസ്. സി.ഇ .ആർ. ടി)*

ഇനി പറയൂ ചിരിക്കണോ കരയണോ?
പരിശീലക(ന് ) ശരിയായ ധാരണയുടെ അടിസ്ഥാനത്തില് പറഞ്ഞതിനെ ഒരു വിവരവും ഇല്ലാതെ പരിഹസിക്കാന് തുനിയുമ്പോള് അല്പം കരുതല് ആകാമായിരുന്നു. ആ പ്രശ്നമേഖലകളെക്കുറിച്ച് ആഴത്തിലൊന്നു പഠിക്കാനുള്ള ശ്രമം.
ഈ പ്രശ്നമേഖലകളെ വേണ്ടവിധം പാഠങ്ങളായി പരിവർത്തിപ്പിക്കാന് കഴിഞ്ഞെന്നു ഞാനവകാശപ്പെടുന്നില്ല. ആദ്യശ്രമത്തിന്റെ പരിമിതികളുണ്ടാകും. പക്ഷേ ഈ സാമൂഹികപ്രശ്നങ്ങള് തിന്മയിലേക്കുള്ള ജാലകമല്ല.

പാഠ്യപദ്ധതിയുടെ അടിസ്ഥാനാശയങ്ങളെ പൊളിച്ചടുക്കാന് ശ്രമിച്ച് പരാജയപ്പെട്ടു പോയ സ്നേഹിതാ അങ്ങയെ മിത്രമായി കാണാന് ഇപ്പോഴും ഞങ്ങൾക്കു കഴിയുന്നത് മാധ്യമങ്ങളെക്കുറിച്ചുള്ള ശരിനിലപാടുള്ളതിനാലാണ്. വഴിതെറ്റിയാലും തിരുത്താനവരും തയ്യാറാകുമെന്ന ശുഭാപ്തി വിശ്വാസം ഉള്ളതിനാലും. പാഠ്യപദ്ധതി അന്ധമായ വിയോജിപ്പ് ഞങ്ങളെ പഠിപ്പിക്കുന്നില്ല എന്നു കൂടി ഓർമിപ്പിക്കട്ടെ

(തുടരും)